

QUOTES OF DAYS

MAR 11

നമ്മുടെ ചിന്തകളെ ഒളിച്ചു വക്കാനും ഭാഷ പ്രയോജനപ്പെടുന്നു.

**വോൾട്ടയർ**


ക്രിസ്ത്യൻ ലൈവ് DAILY

ON THE BATTLEFIELD FOR THE GREAT COMMISSION

11 MARCH 2024 | VOL 03 | ISSUE 070 | 769


# ഗസാ വിടണമെന്ന് യു.എൻ. ഏജൻസിയോട് ഇസ്രായേൽ

**ഗസാ:** ഫലസ്തീനിൽ അഭയാർഥികൾക്കു വേണ്ടി പ്രവർത്തിക്കുന്ന യുഎൻ ഏജൻസിയോട് ഗസ വിടാൻ ഇസ്രായേലിന്റെ ഭീഷണി.

കിഴക്കൻ ജെറുസലേം ആസ്ഥാനമായി 75 വർഷമായി പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്ന് ഉടൻ ഒഴിഞ്ഞുപോവണമെന്നാണ് യുഎൻ ഏജൻസിയായ യുഎൻആർഡബ്ല്യുഎക്ക് മുന്നറിയിപ്പ് നൽകിയിട്ടുള്ളത്. യുദ്ധത്തിൽ തകർന്ന ഗസ നിവാസികളുടെ ഭക്ഷണവും ചികിൽസയും തുടങ്ങി എല്ലാ കാര്യങ്ങൾക്കുമുള്ള ഏക ആശ്രയമാണ് ഇതോടെ ഇല്ലാതാവുകയാണ്. ഏജൻസിയെ തകർക്കാൻ ഇസ്രായേൽ വിവിധ തരത്തിലുള്ള നീക്കം നടത്തുന്നുവെന്ന ഗുരുതര ആരോപണമാണ് ഫലസ്തീൻ അഭയാർഥികൾക്കു വേണ്ടിയുള്ള യുഎൻ ഏജൻസിയുടെ മേധാവി ഫിലിപ്പ് ലസാരിനി ഉന്നയിച്ചത്.

സ്വിസ് ന്യൂസ്‌പേപ്പർ ഗ്രൂപ്പായ തമീഡിയയ്ക്ക് നൽകിയ അഭിമുഖത്തിലാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. ഫലസ്തീനികളെ കൂട്ടക്കൊല നടത്തുന്നതിനെതിരേ ലോകമൊന്നാകെ പ്രതിഷേധവുമായി രംഗത്തെത്തിയിട്ടും ഇസ്രായേൽ തങ്ങളുടെ ആക്രമണപദ്ധതി വിപുലീകരിക്കുകയാണ്. 140 ദിവസം പിന്നിട്ട യുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം മുപ്പതിനായിരത്തിന് അടുത്തെത്തി. ലക്ഷക്കണക്കിന് പേരാണ് പരിക്കേറ്റും അഭയാർഥികളായും കഴിയുന്നത്. ഇത്തരത്തിലുള്ളവർക്ക് ഏക ആശ്രയമായ യുഎൻ ഏജൻസിയെയാണ് ഏറ്റവുമൊടുവിൽ ലക്ഷ്യമിട്ടിരിക്കുന്നത്.






# പ്രെസിലി മോന് ഇന്ന് അന്ത്യയാത്രാമൊഴി

തിരുവല്ല: പ്രെസിലിമോന് ഇന്ന് നാടും സഭയും അന്ത്യയാത്രാമൊഴി നൽകും. രാവിലെ 7.30 ന് റാന്നി മാർത്തോമ്മ ആശുപത്രി മോർച്ചറിയിൽ നിന്ന് ഭൗതിക ശരീരം വലിയകാവ് ജംഗ്ഷനിലെ കോയിത്തോടത്ത് കുടുംബവീട്ടിലേക്ക് കൊണ്ടുപോകും. അവിടെ 11 മണി വരെ പൊതുദർശനം. പിന്നീട് തിരുവല്ലയിലേക്ക് കൊണ്ടു പോകും.12 മണി മുതൽ തിരുവല്ല ബഥനി റോഡിലുള്ള ടൗൺ ഐ.പി.സി .ചർച്ചിൽ പൊതുദർശനം. രണ്ട് മണിക്ക് സംസ്കാരം.

ചെട്ടിമുക്ക് വലിയകാവ് റോഡിൽ കടവുപുഴയിൽ മണ്ണുമാന്തി യന്ത്രത്തിന്റെ കോരി ( ബക്കറ്റ്) ബൈക്കിൽ തട്ടിയാണ് പ്രസിലി മരിച്ചത്. ഐ പി സി തിരുവല്ല ടൗൺ സഭാംഗങ്ങളായ ഷിബു ഫിലിപ്പിന്റെയും ഫ്രെനിയുടെയും ഏക മകനാണ് പ്രസിലി. കോട്ടയം സെന്റ് ഗിറ്റ്സ് കോളജിലെ മൂന്നാം വർഷ മെക്കാനിക്കൽ എൻജിനീയറിങ് വിദ്യാർഥിയാണ്. സഭയുടെയും പിവൈ പി എയുടെയും പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

**CARTOON:**



EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒക്‌ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

ക്രിസ്ത്യൻ ലൈവ് DAILY
**പരസ്യ നിരക്ക്**

| | |
|---|---|
| **FULL PAGE** | |
| Front Page | Rs.5000/- |
| Back Page | Rs.4000/- |
| Inside Page | Rs.3000/- |
| **HALF PAGE** | |
| Front Page | Rs.2500/- |
| Back Page | Rs.2000/- |
| Inside Page | Rs.1500/- |
| **QUARTER PAGE** | |
| Front Page | Rs.1250/- |
| Back Page | Rs.1000/- |
| Inside Page | Rs.750/- |
| **HALF OF QUARTER PAGE** | |
| Front Page | Rs.750/- |
| Back Page | Rs.250/- |
| Inside Page | Rs.500/- |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

## വാഗ്ദത്ത വചനം

**മാർച്ച് 11**

'എന്നെ വിളിച്ചപേക്ഷിക്ക; ഞാൻ നിനക്കു ത്തരമരുളും; നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും'.
(യിരെമ്യാ 33 : 3)

# സംസാരിക്കുന്ന പ്രതിമ വിശുദ്ധ ബൈബിൾ വിശ്വസനീയം



നെൽസൻ എം. ജോസ്

ഐറിസ് അധ്യാപികയാണ്, റോബോട്ട് ആണ്, വിദ്യാർത്ഥികളുടെ ഏതു സംശയത്തിനും ഉത്തരം നൽകാൻ കഴിയുന്ന മനുഷ്യനിർമ്മിത പ്രതിമയാണ്. മലയാളത്തിൻറെ മടിത്തട്ടിൽ ആദ്യമായി സംസാരിക്കുന്ന പ്രതിമ എത്തിയിരിക്കുന്നു. തിരുവനന്തപുരം കെടിസിടി ഹയർ സെക്കൻഡറി സ്കൂളിലാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സഹായത്തോടെ കുട്ടികളെ പഠിപ്പിക്കാൻ സംസാരിക്കുന്ന പ്രതിമ നിർമ്മിക്കപ്പെട്ടിരിക്കുന്നത്.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ലോകത്താകമാനം വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവരികയാണ്. ദൈവവചനം പഠിക്കുന്ന കർത്താവിൻറെ വരവിനായി കാത്തിരിക്കുന്ന ഒരു ക്രിസ്തീയ ശിഷ്യൻ എങ്ങനെയാണ് ഇവയെ നോക്കി കാണുക?.

വെളിപ്പാട് പുസ്തകം പതിമൂന്നാം അധ്യായം 14 മുതലുള്ള തിരുവചനങ്ങൾ വാളാൽ മുറിവേറ്റിട്ടും ജീവിച്ച മൃഗത്തിന് പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോട് പറയുകയും ചെയ്യുന്നു. മൃഗത്തിൻറെ പ്രതിമ സംസാരിക്കേണ്ടതിനും മൃഗത്തിൻറെ പ്രതിമയെ തമസ്കരിക്കാത്തവരെയൊക്കെയും കൊല്ലേണ്ടതിനും മൃഗത്തിൻറെ പ്രതിമയ്ക്ക് ആത്മാവിനെ കൊടുക്കുവാൻ അതിനു ബലം ലഭിച്ചു.

ഈ വാക്യം എഴുതിയ കാലത്ത് എഴുത്തുകാരന് സങ്കൽപ്പിക്കുവാൻ കഴിയുമായിരുന്നില്ല. ചില വർഷങ്ങൾ മുൻപ് വരെ ദൈവവചനം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്കും ഈ വാക്യം വിശദീകരിക്കുവാൻ പ്രയാസം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഈ വാക്യം വിശദീകരിക്കുവാൻ മനസ്സിലാക്കുവാൻ ഗ്രഹിക്കുവാൻ യാതൊരു പ്രയാസവുമില്ല. യന്തിരൻ എന്ന സിനിമ സന്ദർഭവശാൽ ഓർമിക്കുകയാണ്.

ലോകത്തിലാകമാനം സമാധാനം അരുളികൊണ്ട് ഒരു ലോക നേതാവായി എഴുന്നേറ്റു വരുന്ന അന്തിക്രിസ്തുവിന്റെ പ്രതിമ ഓരോ രാജ്യത്തും ഉണ്ടാക്കി വെക്കുവാൻ ഓരോ സംസ്ഥാനത്തും ഉണ്ടാക്കി വയ്ക്കുവാൻ അവയൊക്കെയും അതാത് പ്രദേശങ്ങളിൽ ഭരണം നടത്തുവാൻ അവയെ ഒക്കെയും നമസ്കരിക്കപ്പെടുവാൻ ഉള്ള സാധ്യത വളരെ വളരെ അധികമാണ്.

ഏതൊരു വ്യക്തിയെയും പോലിരിക്കുന്ന ആ വ്യക്തി ചിന്തിക്കുകയും സംസാരിക്കുകയും ചെയ്യുന്ന രീതിയിൽ സംസാരിക്കാനും പ്രവർത്തിക്കാനും ചിന്തിക്കാനും മറുപടി പറയുവാനും കഴിയുന്ന വിധം ഉള്ള ആർട്ടിഫിഷ്യൽ ഇൻറലിജൻസ് സഹായത്തോടെ പ്രവർത്തിപ്പിക്കാവുന്ന മനുഷ്യനിർമ്മിത റോബോട്ടുകൾ നമ്മുടെ കൺമുമ്പിൽ എത്തിയിരിക്കുന്നു. പഴയ കാർട്ടൂണുകളിലെ യന്ത്ര മനുഷ്യനെ പോലെയല്ല മനുഷ്യനെ പോലെ തന്നെ ത്വക്കും മുടിയും കൺപോളകളും നഖങ്ങളും ഉള്ള അത്ഭുത മനുഷ്യന്മാർ.

നമുക്ക് സന്തോഷിക്കാം. നമ്മുടെ കർത്താവ് വരുവാൻ സമയമായി. ദൈവത്തിൻറെ വചനം വചനത്തിലെ പ്രവചനം വള്ളി പുള്ളി തെറ്റാതെ അക്ഷരംപ്രതി നിറവേറുകയാണ്. മടുത്തു പോകാതെ കാത്തിരിക്കാം. വക്രതയും കോട്ടവും ഉള്ള തലമുറയുടെ നടുവിൽ സത്യവചനം ലജ്ജ കൂടാതെ പ്രസംഗിക്കുവാൻ കാല സംഭവങ്ങൾ നമുക്ക് ഓരോരുത്തർക്കും പ്രചോദനമായി തീരട്ടെ.

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

## സാൻ മറിനോ

| | | |
|---|---|---|
| തലസ്ഥാനം | : | സാൻ മറിനോ |
| ഭാഷ | : | ഇറ്റാലിയൻ |
| ജനസംഖ്യ | : | 33,623 |
| പ്രസിഡണ്ട് | : | പൗളോ റൊണ്ഡേലി |
| മതം | : | ക്രിസ്ത്യൻ |

ജനങ്ങളിൽ ആത്മീയ വിശപ്പ് ഉണ്ടാകാനായി പ്രാർത്ഥിക്കുക. ഭൗതികതയുടെ മോഹന കുരുക്കുകളിൽ നിന്ന് അവർ സ്വതന്ത്രമാകട്ടെ.

ക്രിസ്തിയ വിശ്വാസം നിഷേധിക്കുന്നവർ ധാരാളം. ജീവനുള്ള ദൈവത്തെ ഇവർ കണ്ടുമുട്ടട്ടെ. രൂപാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

സുവിശേഷികരണത്തിലും സഭാ സ്ഥാപനത്തിലും തൽപരരായ സുവിശേഷ പ്രവർത്തകർ ജന്മം കൊള്ളണം .പ്രാർത്ഥിക്കുക

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
11 MARCH 2024
VOL 03 I ISSUE 070 I 769

# മിഷനറിമാരെയും വിശ്വാസികളെയും മർദിക്കുന്നത് രാജ്യത്ത് പതിവാക്കിയിരിക്കുന്നു: യു.പി.എസ്.

പത്തനംതിട്ട: ഇന്ത്യയിൽ ക്രൈസ്തവർക്കെതിരേയുള്ള അതിക്രമങ്ങൾ വർധിക്കുന്നതിൽ യുണൈറ്റഡ് പെന്തക്കോസ്ത് സിനഡ് ആശങ്ക രേഖപ്പെടുത്തി.

രാജ്യത്ത് ക്രൈസ്തവ മിഷനറിമാരെയും വിശ്വാസികളെയും മർദിക്കുന്നത് പതിവാക്കിയിരിക്കുകയാണ്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ചേർത്തലയിൽ പാസ്റ്ററെയും കുടുംബത്തെയും മർദിച്ച് അവശരാക്കിയ സംഭവം അപലപനീയമാണ്. യുണൈറ്റഡ് പെന്തക്കോസ്ത് സിനഡ് ഈ വിഷയത്തിൽ ഇടപെട്ടിരുന്നു. ഭാരതത്തിന്റെ സമാധാനത്തിന് വേണ്ടി സിനഡിന്റെ നേതൃത്വത്തിൽ 14 ജില്ലകളിലും പ്രാർഥനകൾ ആരംഭിച്ചു. മിഷനറിമാരെ ആക്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ എടുക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തയാറാകണമെന്നു സിനഡ് ഭാരവാഹികൾ ആവശ്യപ്പെട്ടു.

ഗ്ലാഡ്സൺ ജേക്കബിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബാബു പറയത്തുകാട്ടിൽ പാസ്റ്റർമാരായ ബാബു ജോർജ്, അനി ജോർജ്, ബെന്നി മാത്യു. ഡോ.ബോസ് വി.ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

# ഇസ്രായേൽ: യുദ്ധം മൂർച്ഛിക്കുമ്പോഴും ഇന്ത്യക്കാരുടെ റിക്രൂട്ട്മെന്റ് വർദ്ധിക്കുന്നു



ഡൽഹി: ഇസ്രായേലിൽ യുദ്ധം മൂർച്ഛിക്കുമ്പോഴും നിർമാണത്തൊഴിലിനും കൃഷിക്കും മറ്റും ഇന്ത്യക്കാരെ റിക്രൂട്ട് ചെയ്യുന്നത് ഇപ്പോഴും തുടരുകയാണെന്ന് ഇന്ത്യൻ വിദേശകാര്യ മന്ത്രാലയം.

നിലവിൽ ഇസ്രായേലിൽ 18,000ത്തിലധികം ഇന്ത്യക്കാരാണ് ജോലി ചെയ്യുന്നത്. അവരുടെ സുരക്ഷ പ്രധാന പരിഗണനാവിഷയമാണെന്നും വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പത്ര സമ്മേളനത്തിൽ പറഞ്ഞു.

ഇസ്രയേലിലെ വടക്ക്, തെക്ക് അതിർത്തികളിൽ ജോലി ചെയ്യുന്ന എല്ലാ ഇന്ത്യക്കാരും ഇസ്രയേൽ സന്ദർശിക്കുന്നവരും സുരക്ഷിത പ്രദേശങ്ങളിലേക്ക് മാറണമെന്ന് ഇസ്രയേലിലെ ഇന്ത്യൻ എംബസി കഴിഞ്ഞ ദിവസം നിർദേശിച്ചിരുന്നു. ഇന്ത്യക്കാർക്ക് സഹായത്തിനായി ഇന്ത്യൻ എംബസിയിൽ അടിയന്തര ഹെൽപ് ലൈൻ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്: 00972 35226748. ഇമെയിൽ: cons1.telaviv@mea.gov.in

ഇസ്രയേൽ പോപ്പുലേഷൻ ആൻഡ് ഇമിഗ്രേഷൻ അതോറിറ്റിയുടെ ഹോട്ട്ലൈൻ നമ്പർ 1700707889

## നിരണത്ത് ഒ.വി.ബി.എസ് ഗാനപരിശീലന ക്യാംപ്

നിരണം: ഭദ്രാസനത്തിന്റെ ഒവിബിഎസ് ഗാനപരിശീലന ക്യാംപ് ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ചെറിയാൻ ജേക്കബ് ഉദ്ഘാടനം ചെയ്തു.

ടി വി ചാക്കോ മത്തായി ടി. വർഗീസ്, കെ.കെ. സാംകുട്ടി, ഫാ. മാത്യു സ് ജോൺ, അബി ഫിലി, അലക്സാണ്ടർ ജോർജ്, ബിജു സി. തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

## കുമ്പനാട്ട് വിബിഎസ് ശിൽപശാല സമാപിച്ചു

കുമ്പനാട്: ഇന്ത്യ പെന്തക്കോസത് ദൈവസഭയുടെ ചുമതലയിലുള്ള പവർ വിബിഎസിന്റെ നേതൃത്വ പരിശീലന ശിൽപശാല കുമ്പനാട്ട് സമാപിച്ചു. സമാപന ശിൽപശാല സംസ്ഥാന ഡയറക്ടർ പാസ്റ്റർ ജോസ് തോമസ് ജേക്കബ് ഉദ്ഘാടനം ചെയ്തു.മേഖലാ പ്രസിഡന്റ് ജോജി ഐപ്പ് മാത്യൂസ് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ തോമസ് മാത്യു ചാരുവേലി, ട്രഷറർ ഫിന്നി പി.മാത്യു, ഡപ്യൂട്ടി ഡയറക്ടർമാരായ പാസ്റ്റർ പി.വി.ഉമ്മൻ, പാസ്റ്റർ ജയിംസ് ഏബ്രഹാം, അസോസിയേറ്റ് സെക്രട്ടറിമാരായ പി.പി. ജോൺ, പാസ്റ്റർ ടി.എ. തോമസ്, ഐപ്പ് പാസ്റ്റർ തോമസ് ജോർജ്, കമ്മിറ്റി അംഗങ്ങളായ പാസ്റ്റർ ജിജി മാമൂട്ടിൽ, പാസ്റ്റർ ജിസ്മോൻ ജോസഫ്, മേഖല ജോ. സെക്രട്ടറി പാസ്റ്റർ ജോസ് വർഗീസ്, ട്രഷറർ വി.സി.ബാബു, പാസ്റ്റർമാ രായ സന്തോഷ് ഡേവിഡ്, ജെയ് തോമസ് എന്നിവർ പ്രസംഗിച്ചു. ഏപ്രിൽ ഒന്നു മുതൽ സംസ്ഥാനത്തെ വിവിധ പ്രാദേശിക സഭകളിൽ 6 ദിവസത്തെ വിബിഎസ് നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു

# തിരുവല്ലയിൽ കാത്തലിക് കൺവൻഷൻ

തിരുവല്ല: തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ അങ്കണത്തിൽ കാത്തലിക് കൺവൻഷൻ ആരംഭിച്ചു.

സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് മാർ റാഫേൽ തട്ടിൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ് ഡോ. തോമസ് മാർ കുറിലോസ് അധ്യക്ഷത വഹിച്ചു.തിരുവനന്തപുരം മൗണ്ട് കാർമൽ ധ്യാന കേന്ദ്രത്തിലെ

ഫാ.ഡാനിയൽ പൂവണ്ണത്തിൽ ആൻഡ് ടീമാണ് കൺവൻഷന് നേതൃത്വം നൽകുന്നത്. വ്യാഴാഴ്ച ആലപ്പുഴ രൂപതാധ്യക്ഷൻ മാർ ജയിംസ് ആനാപറമ്പിൽ സമാപന സന്ദേശം നൽകും.

# കല്ലുപാലത്ത് ജനറൽ കൺവൻഷൻ

വെണ്ണിക്കുളം: ഗ്രേസ് ക്രിസ്ത്യൻ ചർച്ചിന്റെ ഇരുപതാമത് ജനറൽ കൺവൻഷൻ ഏപ്രിൽ 4 7 വരെ കവുങ്ങും പ്രയാർ ആതുര ശുശ്രൂഷ സംഘം ആഡിറ്റോറിയത്തിൽ നടക്കും. ജിസിസി പ്രസിഡണ്ട് ബാബു ശാമുവേൽ പ്രാർത്ഥിച്ച് സമർപ്പിക്കും.
പാസ്റ്റർമാരായ എബി എബ്രഹാമും അനിഷ് ചെങ്ങന്നൂരും ജയ്സ് പാണ്ടനാടും സുനിൽ കൊടിത്തോട്ടവും പ്രസംഗിക്കും. പകൽ യോഗങ്ങളിൽ പാ. അനിൽ കുറിച്ചി മുട്ടം, സിസ്റ്റർ പ്രമിളാ ഷോജൻ, റവ. മാത്യുസ് കുരുവിള എന്നിവർ പ്രസംഗിക്കും. ഗ്രേസ് മെലഡി പത്തനാപുരം വർഷിപ്പ് നയിക്കും. പാസ്റ്റർമാരായ ലിനീഷ് മാതൃുവും ജിനിഷ് കുമാറും പബ്ളിസിറ്റി കൺവിനർമാരായി പ്രവർത്തിക്കുന്നു

# ഗലീലയിൽ മിസൈൽ ആക്രമണത്തിൽ കൊല്ലപ്പെട്ട നിബിൻ മാക്സ്വെലിന്റെ മൃതദേഹം സംസ്കരിച്ചു



തിരുവനന്തപുരം: ലബനാൻ ആക്രമണത്തിൽ വടക്കൻ ഇസ്രയേലിൽ കൊല്ലപ്പെട്ട കൊല്ലം വാടി പനമൂട് പുരയിട കാർമൽ കോട്ടേജിൽ പാറ്റ് നിബിൻ മാക്സ്!വെലിന്റെ (31) മൃതദേഹം വാടി സെന്റ് ആന്റണീസ് പള്ളിയിൽ ഇന്നലെ സംസ്കരിച്ചു.

എയർ ഇന്ത്യ വിമാനത്തിൽ തിരുവനന്തപുരത്ത് എത്തിച്ച നിബിൻ മാക്സ് വെല്ലിന്റെ ഭൗതിക ശരീരം കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ തിരുവനന്തപുരം വിമാനത്താവളത്തിൽ ഏറ്റുവാങ്ങി. നടപടിക്രമങ്ങൾ അതിവേഗം പൂർത്തിയാക്കി നൽകിയതിന് ഇസ്രായേൽ ഭരണകൂടത്തിന് അദ്ദേഹം നന്ദി പറഞ്ഞു.

കേന്ദ്ര സർക്കാരിന് വേണ്ടി കുടുംബത്തെ വി. മുരളീധരൻ അനുശോചനം അറിയിച്ചു.നോർക്ക റൂട്സ് സിഇഒ (ഇൻചാർജ്) അജിത്ത് കോളശ്ശേരി, ബംഗളൂരുവിലെ ഇസ്രയേൽ കോൺസൽ ജനറൽ ടാമി ബെൻ ഹൈം, വൈസ് കോൺസൽ ആൻഡ് സെക്യൂരിറ്റി ഓഫിസർ റോട്ടം വരുൽക്കർ എന്നിവരും സന്നിഹിതരായിരുന്നു.

ലബനൻ അതിർത്തിയോടു ചേർന്ന ഗലീലി മേഖലയിലെ മാർഗലിയറ്റ് എന്ന സ്ഥലത്ത് കഴിഞ്ഞ നാലിനു രാവിലെ ആയിരുന്നു മിസൈൽ ആക്രമണം. ഇടുക്കി സ്വദേശികളായ രണ്ട് പേർക്കു കൂടി ആക്രമണത്തിൽ പരിക്കേറ്റിരുന്നു. രണ്ടുമാസം മുൻപാണ് കാർഷിക വിസയിൽ നിബിൻ മാക്സ്!വെൽ ഇസ്രയേലിൽ പോയത്.

ഇസ്രായേലിൽ കഴിയുന്ന ഇന്ത്യക്കാർ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന് മന്ത്രി വി. മുരളീധരൻ പറഞ്ഞു.

# പെർത്തിൽ പി.പി.എ. കൺവൻഷൻ

ആസട്രേലിയ: പെർത്ത് പെന്തകോസ്തൽ അസംബ്ളിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 28 30 വരെ ബിബ്രാലേക്ക് 15 ലെറിസ്റ്റാ കോർട്ടിൽ പിപിഎ കൺവൻഷൻ നടക്കും. പാ. ബി മോനച്ചൻ കായംകുളം പ്രസംഗിക്കും. പിപിഎ ക്വയർ ഗാനങ്ങൾ ആലപിക്കും.

# ഓതറയിൽ വജ്ര ജൂബിലി

ഓതറ: സെന്റ് മേരീസ് ക്നാനായ പള്ളിയുടെ വജ്ര ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി.
ഇന്നലെ രാവിലെ 8.30ന് കുർബാനയെ തുടർന്ന് ആർച്ച് ബിഷപ് കുര്യാക്കോസ് മാർ യൂ സേവേറിയോസിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം ആന്റോ ആന്റണി എംപി ഉദ്ഘാടനം ചെയ്തു. ജൂബിലി സ്മാരകമായി നവീകരിച്ച കൊടിമരത്തിന്റെ കൂദാശ മാർച്ച് 17 ന് കുര്യാക്കോസ് മാർ ഗ്രിഗോറിയോസ് നിർവഹിക്കും.

# ബ്ലസ് ഞക്കനാൽ

ഞക്കനാൽ: ബെഥേൽ ഫെയ്ത്ത് മിനിസ്ട്രിസ് ഇന്റർനാഷണലിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 15 17 വരെ ഉപവാസ പ്രാർത്ഥന നടക്കും. പാസ്റ്റർമാരായ എബി എബ്രഹാമും ജിജി ഫിലിപ്പും പ്രസംഗിക്കും.

# കടുവാക്കുഴിയിൽ സുവിശേഷയോഗം

നാലുന്നാക്കൽ: ഐ പി സി ബർശേബ ചർച്ചിന്റെ ആഭിമുഖ്യത്തിൽ സുവിശേഷയോഗവും സംഗീത വിരുന്നു നടക്കും.

മാർച്ച് 26 28 വരെ നടക്കുന്ന യോഗം ഐപിസി കറുകച്ചാൽ സെന്റർ മിനിസ്റ്റർ പാ. റ്റി എ ചെറിയാൻ ഉദ്ഘാടനം ചെയ്യും. പാ. ബോബി ഇടപ്പാറ അധ്യക്ഷത വഹിക്കും.

പാസ്റ്റർമാരായ പി സി ചെറിയാനും പ്രിൻസ് തോമസും റ്റി ഡി ബാബുവും അധ്യക്ഷത വഹിക്കും. മല്ലപ്പള്ളി അയോണ ബാൻഡ് സംഗീത ശുശ്രൂഷ നയിക്കും.

# അവൻ ഞങ്ങളുടെ എല്ലാമായിരുന്നു

**ജോർജ് മാത്യു പുതുപ്പള്ളി**



കൊച്ചി ടൗൺ ഹാളിൽ നടന്ന ഒരു സുവിശേഷയോഗത്തിൽ വച്ചാണ് ഞാൻ 'ചിക്കു' എന്ന ചിക്കു കുരിയാക്കോസിനെ ആദ്യമായി കാണുന്നത്. എന്റെ മകൻ മനുക്കുട്ടനെക്കാൾ രണ്ട് വയസിന് ഇളയതായിരുന്നു ചിക്കു. സദസിൽ ഇരുന്ന എന്റെ അടുക്കലേക്ക് പുഞ്ചിരിയോടെ ഒരു യുവാവ് കടന്നുവന്നു പറഞ്ഞു : 'അച്ചോ, ഞാൻ ചിക്കു കുരിയാക്കോസ്.'

പ്രായമുള്ളവരെ വിസ്മരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ഇന്നത്തെ പുതുതലമുറയിൽ വിനയം ജീവിതവ്രതമാക്കിയആ യുവാവിനോട് എനിക്ക് ഉള്ളിൽ ഏറെ ആദരവ് തോന്നി. ആ യുവഗായകന്റെ മുഖത്തു വിരിഞ്ഞ അന്നത്തെ നറുപുഞ്ചിരി ഇന്നും എന്റെ മനക്കോണിൽ മായാതെ നിൽക്കുന്നു. ആ നറുപുഞ്ചിരി എന്റെ കൺപീലികളിൽ നനവ് പടർത്തുന്നു.

അന്നുവരെ ഞാൻ ചിക്കുവിനെ നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല. എങ്കിലും മാസ്മരിക സംഗീതത്തിലൂടെ ചിക്കു എന്ന മധുരഗായകൻ എന്നെ അത്ഭുതപ്പെടുത്തിക്കഴിഞ്ഞിരുന്നു. ചിക്കു എന്ന പേര് എന്റെ മനസിൽ മുദ്രചെയ്യപ്പെട്ടു കഴിഞ്ഞിരുന്നു. എന്റെ ആത്മാവിൽ സംഗീതത്തിന്റെ തേന്മഴ പെയ്യിച്ച മധുരഗായകനായിരുന്നു ചിക്കു കുരിയാക്കോസ്. ചിക്കു പാടിയ പല ഗാനങ്ങളും ഈണമില്ലാത്ത എന്റെ പരുക്കൻശബ്ദത്തിൽ മൂളിക്കൊണ്ടായിരുന്നു ഞാൻ നാട്ടിലൂടെ കാറോടിച്ച് കൺവൻഷൻ പ്രസംഗിക്കാൻ പോയിരുന്നത്.

അന്നു നടന്ന ഗാനസന്ധ്യയിൽ ചിക്കു ആത്മാവിൽ നിറഞ്ഞു പാടി : എൻ പ്രേമഗീതമാം എന്നേശുനാഥാ നീ എൻ ജീവനെക്കാളും നീ വലിയതാണെനിക്ക്... എൻ ജീവനെക്കാളും നീ വലിയതാണെനിക്ക്...*

എന്നെ ആത്മീയലഹരിയിൽ ആറാടിച്ച ആത്മീയ ഗാനമാണിത്. ഞാൻ ഇന്നുവരെ നേരിൽ കണ്ടിട്ടില്ലാത്ത പാസ്റ്റർ രാജേഷ് ഏലപ്പാറയുടെ വിരൽത്തുമ്പിൽ പിറവിയെടുത്ത ഈ ഹൃദ്യഗാനം അന്നും ഇന്നും ഞാൻ ഏറ്റവും ഇഷ്ടപ്പെടുന്ന തങ്കഗാനങ്ങളിൽ ഒന്നാണ്.

ഗായകൻ, കീബോർഡിസ്റ്റ്, ഗാനരചയിതാവ് എന്നീ നിലകളിൽ ഉയരങ്ങളിലേക്ക് കുതിച്ചുകൊണ്ടിരുന്ന, സുവിശേഷവിഹിതക്രിസ്തീയസഭകളുടെ ഭാവി വാഗ്ദാനമായിരുന്നു ചിക്കു. ഈ യുവാവ് ഭാവിയിൽ ആരായിത്തീരുമെന്നുപോലും ഞാൻ അമ്പരന്നിട്ടുണ്ട്. പക്ഷെ ക്രിസ്തീയസഭയ്ക്ക് അതിനുള്ള ഭാഗ്യം ലഭിക്കാതെ പോയി. അണയുന്നതിനു തൊട്ടുമുമ്പ് ആളിക്കത്തുന്ന ഒരു ദീപനാളമായിരുന്നു ചിക്കു എന്നു തിരിച്ചറിയുവാൻ എനിക്കും കഴിയാതെ പോയി.

*ജീവിക്കുന്നു എങ്കിൽ ക്രിസ്തുവിനായ് പാടിടുന്നു എങ്കിൽ ദൈവത്തിനായ് നല്ല ദാസനായി ഞാൻ തീർന്നതിനാൽ എൻ മരണം എനിക്കതു ലാഭം...* എന്നു പല പ്രാവശ്യം ചിക്കു പാടിയിട്ടും സംഭവിക്കാൻ പോകുന്ന അദ്ദേഹത്തിന്റെ അകാലമരണത്തെക്കുറിച്ചുള്ള പ്രവചനമായിരുന്നു അതെന്ന് മുൻകൂട്ടിയറിയുവാൻ വിഡ്ഢിയായ എനിക്കും കഴിയാതെ പോയി.

*നീയെന്റെ സർവവും നീയെനിക്കുള്ളവൻ നീയെന്റെ സർവവും എല്ലാറ്റിലും നിൻ ജീവൻ എൻ പേർക്കായ് തന്നതിനാൽ നീയെന്റെ സർവവും എല്ലാറ്റിലും...
തേനിലും മധുരമായ് തേനിലും മധുരമായ് യേശുക്രിസ്തു മാധുര്യമായ് രുചിച്ചുനോക്കി ഞാൻ കർത്തൻ കൃപകളെ യേശുക്രിസ്തു മാധുര്യമായ്...*

ഗാരി. സി. മിഖായേൽ രചിച്ച് ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയ ഈ ഗാനവും ചിക്കുവിന്റെ പ്രിയ ഗാനങ്ങളിൽ ഒന്നായിരുന്നു.

*നന്ദിയോടെ ഞാൻ സ്തുതി പാടിടും എന്റെ യേശുനാഥാ
എനിക്കായ് നീ ചെയ്തൊരു നന്മയ്ക്കും ഇന്നു നന്ദി ചൊല്ലുന്നു ഞാൻ...*
*പരിശുദ്ധനാം താതനേ
കരുണയിൻ സാഗരമേ
കൃപയിൻ ഉറവിടമേ
ആശ്വാസഗായകനേ...*
*ഞാൻ യോഗ്യനല്ല യേശുവേ
നിൻ സ്നേഹം പ്രാപിപ്പാൻ
ഞാൻ യോഗ്യനല്ല യേശുവേ
നിൻ നന്മ പ്രാപിപ്പാൻ...*

ആർ എസ് വി രചനയും
സംഗീതവും നിർവഹിച്ച
*പ്രാണപ്രിയാ യേശുനാഥാ
ജീവൻ തന്ന സ്നേഹമേ
നഷ്ടമായിപ്പോയ എന്നെ
ഇഷ്ടനാക്കിത്തീർത്ത നാഥാ...
എന്റെ സ്നേഹം നിനക്കുമാത്രം വേറെയാരും കവരുകില്ല
എന്റേതെല്ലാം നിനക്കുമാത്രം
എന്നെ മുറ്റും തരുന്നതാ...*
ചിക്കു അവസാനം പാടിയ ഗാനം *'രക്ഷിതാവിനെ കാൺക പാപീ നിന്റെ പേർക്കല്ലയോ
ക്രൂശിന്മേൽ തൂങ്ങുന്നു...
കാൽവറി മലമേൽ നോക്കു നീ
കാൽകരം ചേർന്നിതാ
ആണിമേൽ തൂങ്ങുന്നു...*
എന്നിവ ചിക്കു അർത്ഥമറിഞ്ഞ് ആത്മാവിൽ നിറഞ്ഞു പാടുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു.

ആരും കാണാതെ എത്രയോ പ്രാവശ്യം ഞാനെന്റെ കണ്ണുകൾ തുടച്ചിരിക്കുന്നു.

ചിക്കുവിനെ കാൻസർ പൂർണ്ണമായി കീഴടക്കിയെന്നു കേട്ടപ്പോൾ ഞാനും സാലിയും ഏറെ വേദനിച്ചു. 'അവനെ തിരിച്ചുതരണമേ' എന്നു യേശുകർത്താവിനോട് ഞങ്ങൾ കരഞ്ഞു പ്രാർത്ഥിച്ചു. മാനുഷികമായി ചിക്കു കുരിയാക്കോസ് ഞങ്ങളുടെ ആരുമല്ലായിരുന്നുവെങ്കിലും വിദൂരസ്നേഹത്തിലൂടെയും ആത്മീയബന്ധത്തിലൂടെയും അവൻ ഞങ്ങളുടെ എല്ലാമായിരുന്നു.

2014 നവംബർ 8 ന് ഇരുപത്തിയാറാം വയസിൽ ചിക്കു യേശുകർത്താവിന്റെ അടുത്തേക്ക് പറക്കുമ്പോൾ സാലിയുടെ കാലൊടിഞ്ഞതിന്റെ ഓപ്പറേഷനുമായി ഞങ്ങൾ ആശുപത്രിയിലായിരുന്നു. തന്മൂലം അവസാനമായി അവന്റെ മുഖം കാണാൻ ഞങ്ങൾക്കും കഴിയാതെപോയി.

കാൽനൂറ്റാണ്ടു മാത്രം ദൈർഘ്യമുള്ള ചെറുജന്മം ഈ ഭൂമിയിൽ ദാനമായി ലഭിച്ചിട്ടും ഒരു ജന്മത്തിലേറെ ദീർഘമായി കർത്താവിനുവേണ്ടി പാടുവാനും പ്രവർത്തിക്കുവാനും ചിക്കു എന്ന സ്വർഗീയകുമാരനു ഭാഗ്യം ലഭിച്ചു. ജീവിതംകൊണ്ടും കർമംകൊണ്ടും ചിക്കു യേശുവിന്റെ ഓമനപൈതലായിരുന്നു. ചിക്കുവിനു ജന്മം നൽകിയ പാസ്റ്റർ കെ പി കുര്യാക്കോസും അദ്ദേഹത്തിന്റെ സഹധർമിണിയും ഭൂമിയിൽ ഏറ്റവും ഭാഗ്യം ലഭിച്ച മാതാപിതാക്കൾ തന്നെയാണ്. ഇത്ര ശ്രേഷ്ഠനായ ഒരു ദൈവപൈതലിനു ജന്മം കൊടുക്കുവാൻ അവർക്കായല്ലോ

> **ജീവിക്കുന്നു എങ്കിൽ ക്രിസ്തുവിനായ് പാടിടുന്നു എങ്കിൽ ദൈവത്തിനായ് നല്ല ദാസനായി ഞാൻ തീർന്നതിനാൽ എൻ മരണം എനിക്കതു ലാഭം...* എന്നു പല പ്രാവശ്യം ചിക്കു പാടിയിട്ടും സംഭവിക്കാൻ പോകുന്ന അദ്ദേഹത്തിന്റെ അകാലമരണത്തെക്കുറിച്ചുള്ള പ്രവചനമായിരുന്നു അതെന്ന് മുൻകൂട്ടിയറിയുവാൻ വിഡ്ഢിയായ എനിക്കും കഴിയാതെപോയി.**

ചിരിക്കാനും ചിന്തിക്കാനും

# പഴം തീനിയും, മതഭ്രാന്തനും!!



ജോയി മാത്യു

ഞാൻ അനാഥാശ്രമം നടത്തുന്ന കാലം...... ഏകദേശം 25നും 30നും ഇടയ്ക്ക് വിവിധ പ്രായക്കാരായ കുട്ടികളെ കൂടെ താമസിപ്പിച്ച് വിവിധ സ്കൂളുകളിൽ പഠിപ്പിക്കുന്നു... നാലു വയസ്സു മുതൽ പതിനെട്ട് വയസ്സു വരെ പ്രായമുള്ളവർ.. മറ്റ് സ്റ്റാഫുകൾ ഒക്കെ ഉണ്ടെങ്കിലും ഒരു ഭാരിച്ച ഉത്തരവാദിത്വമാണ്...

ഒരിക്കൽ ഒരു കുട്ടി ഒരു രൂപയുടെ നാണയം വിഴുങ്ങി... ആകെ പ്രശ്നമായി കുട്ടികളെല്ലാം ഭയചകിതരായി... നാണയം വിഴുങ്ങിയ കുട്ടിക്ക് പരവേശം... പേടി, വെപ്രാളം.., അവൻ വിയർത്തു കുളിച്ചു....

പെട്ടന്ന് തന്നെ അടുത്തുള്ള ഒരു ക്ലിനിക്കിൽ കാണിച്ചു, അവിടെയുള്ള ഡി.എച്ച്.എം.എസ്.ഡോക്ടർ പറഞ്ഞു.. മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുക...

അയൽവാസിയായ ഒരു സ്നേഹിതൻ പറഞ്ഞു: അവന് ഒന്ന് രണ്ട് വാഴപ്പഴം കൊടുക്കുക. അവനെ ഞങ്ങൾ വീട്ടിൽ കൊണ്ടുവന്ന്, 'ഒരു വാഴക്കുല മുഴുവൻ'കഴിപ്പിച്ചു എന്ന് അല്പം അതിശയോക്തിയോടെ ഞാൻ പറയട്ടെ.... മതി, മതി എന്നു അവൻ പറയുമ്പോൾ മറ്റ് കുട്ടികളെല്ലാം അവനെ നിർബന്ധിച്ചു കഴിപ്പിച്ചു.

പിന്നീട് ഹോസ്പിറ്റലിൽ കൊണ്ടുപോയി അഡ്മിറ്റാക്കി മൂന്നുദിവസം അവിടെ കിടന്നു.. എക്സ്റേ എടുത്തു നോക്കിയപ്പോൾ വെള്ളിരൂപ അപ്രത്യക്ഷമായി... പിന്നീട് കുട്ടികൾ അവനെ 'പഴംതീനി...' എന്ന് വിളിച്ചു തുടങ്ങി.. ദിനംതോറും വിവിധ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്...ഗവൺമെന്റ തലത്തിൽ നിന്നും അല്ലാതെയും ഒക്കെ, ഒരുപാട്....രാത്രിയിൽ ഒളിച്ചോടി പോകുന്ന കുട്ടികളെ തിരക്കിയുള്ള യാത്രയാണ് രസാവഹം...പിന്നീട് അതേക്കുറിച്ചൊക്കെ പറയാം....ഒരു വ്യക്തി നിരന്തരം വന്ന് മാനസികമായി പീഡിപ്പിച്ചു കൊണ്ടിരുന്നു... കുട്ടികൾക്ക് ഒരു ചോക്ലേറ്റ് പോലും നൽകുകില്ല.... അദ്ദേഹത്തിന്റെ ആവശ്യം ഇതര മതത്തിൽ നിന്നുള്ള കുട്ടികളെ അവരുടെ മതഗ്രന്ഥങ്ങളെ കുറിച്ച് പഠിപ്പിക്കണം.... പിണക്കിവിടാൻ പറ്റാത്തതുകൊണ്ട് ഇന്ന്...വാ, നാളെ...വാ മറ്റന്നാൾ... വാ, എന്നൊക്കെ പറഞ്ഞ് ഒഴിവ്കഴിവുകൾ പറഞ്ഞ് ഞാൻ പലപ്പോഴും നീട്ടിവെച്ചുകൊണ്ടിരുന്നു.....

ഒടുവിൽ അദ്ദേഹത്തിന്റെയും എന്റെയും ക്ഷമ കെട്ടു. ഇപ്രാവശ്യം എന്തായാലും അദ്ദേഹം പഠിപ്പിക്കണമെന്നുള്ള നിശ്ചയദാർഢ്യത്തോടെ വന്നു... ഞാൻ കുട്ടികളെ ഒരുക്കി നിർത്തി അവരെ വരിവരിയായി താഴേക്ക് വിളിച്ചു.... അദ്ദേഹത്തോട് സ്നേഹത്തോടെ പറഞ്ഞു : കുട്ടികളുടെ വാർഡൻ ഒപ്പമുണ്ട്, നിങ്ങൾ ഈ കുഞ്ഞുങ്ങളെ നിങ്ങളുടെ വീട്ടിൽ കൊണ്ടുപോയി നിങ്ങളുടെ മതഗ്രന്ഥങ്ങൾ ഒക്കെ പഠിപ്പിച്ച് വൈകുന്നേരം ആഹാരം ഒക്കെ കൊടുത്ത് തിരികെ കൊണ്ടു വിടുക എന്ന് പറഞ്ഞു. അതിന് അദ്ദേഹം തയ്യാറാകാതെ എന്നോട് കലഹിച്ചു... അതിന് കഴിയില്ല... ഇങ്ങനെ താണ ജാതിക്കാരായ കുട്ടികളെ ഞങ്ങളുടെ വീട്ടിൽ കയറ്റുകയോ ഒരുമിച്ചിരുത്തി ആഹാരം കൊടുക്കാനോ ഒന്നും കഴിയില്ല.... പ്രത്യേകിച്ച് ഞങ്ങളുടെ വീട്ടിലുള്ള സ്ത്രീകൾ!

നോക്കണേ... മതവും, മന്ത്രവും ഒക്കെ നൽകാം എന്നാൽ അവനെ ചേർത്ത് നിർത്തി സ്വന്തം മക്കളോടൊപ്പം ഒരു നേരത്തെ ആഹാരം കൊടുക്കുവാൻ കഴിയാത്ത മതഭ്രാന്തന്റെ മുഖംമൂടി അന്ന് വലിച്ചുകീറി......

## ആരോഗ്യ സംരക്ഷണം

**പ്രമേഹ രോഗികൾ ഡയറ്റിൽ ഉൾപ്പെടുത്തേണ്ട പാനീയങ്ങൾ**

**1. ചീര ജ്യൂസ്**

ആൻറിഓക്സിഡൻറുകൾ, നാരുകൾ എന്നിവയാൽ സമ്പുഷ്ടമായ ചീര ജ്യൂസ് കുടിക്കുന്നത് പ്രമേഹ രോഗികൾക്ക് നല്ലതാണ്.

**2. പാവയ്ക്ക ജ്യൂസ്**

രക്തത്തിലെ ഗ്ലൂക്കോസിൻറെ അളവ് ഉയരാതെ നിർത്താൻ പാവയ്ക്ക ജ്യൂസ് പ്രമേഹ രോഗികൾക്ക് കുടിക്കാം.

**3. ആപ്പിൾ ജ്യൂസ്**

രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിന് സഹായകമാണ് ആപ്പിൾ. ധാരാളം ഫൈബർ അടങ്ങിയിട്ടുള്ളതിനാൽ പ്രമേഹത്തിന് മാത്രമല്ല ദഹനസംബന്ധമായ പ്രശ്നങ്ങൾക്കും ആപ്പിൾ കഴിക്കുന്നത് ഗുണം ചെയ്യും. ആപ്പിൾ ജ്യൂസ് തയ്യാറാക്കുമ്പോൾ പഞ്ചസാര ഒഴിവാക്കാനും ശ്രദ്ധിക്കുക

## അങ്കമാലിയിൽ ചതുർദിന ക്യാമ്പ്

എറണാകുളം: ഡിവൈൻ പ്രയർ മിനിസ്ട്രീസ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ യൗവന സമൂഹത്തിന്റെ ആത്മീയ ഉന്നതിയെ ലക്ഷ്യം മാക്കി ഡിവൈൻ ടച്ച് എന്ന യുവജന ക്യാമ്പ് എറണാകുളം അങ്കമാലി തുറവൂർ കൺവെൻഷൻ സെൻട്രലിൽ മെയ് 6 7 8 9 തീയതികളിൽ( തിങ്കൾ മുതൽ വ്യാഴം വരെ) നടക്കും. ആത്മനിറവിനും കൃപാവരങ്ങൾക്കും പ്രാധാന്യം നൽകുകയും യുവജനങ്ങൾ നേരിടുന്ന ഇന്നത്തെ വെല്ലുവിളികൾ ആസ്പദമാക്കി വിവിധ വിഷയങ്ങളിൽ പരിചയസമ്പന്നരായ അധ്യാപകർ ക്ലാസ് നയിക്കും. പാസ്റ്റർ വർഗീസ് ബേബി & പ്രയർ ടീം ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

## തിരുവല്ലയിൽ ഇറ്റേണൽ ഹാർമണി

തിരുവല്ല: ഇറ്റേണൽ ഹാർമണി ചർച്ചിന്റെ പുതിയ ആരാധനാലയം തിരുവല്ല മെഡിക്കൽ മിഷന് സമീപം ആരംഭിച്ചു.

പാസ്റ്റർ ബിനോജി മാത്യു അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ പാ. മാത്യു ലാസർ ആലയ പ്രതിഷ്ഠ നടത്തി. പാസ്റ്റർമാരായ ജോയി കൊച്ചിലേത്ത്, മോൻസി കല്ലുംശേരി, ഗിരീഷ് ബാബു, ബ്രദർ ബ്ലസിൻ ജോൺ മലയിൽ തുടങ്ങിയവർ പ്രസംഗിച്ചു. ബ്രദർ ജെയിസന്റെ നേതൃത്വത്തിലുള്ള ടീം വർഷിപ്പ് നയിച്ചു.

# പത്തനംതിട്ടയിൽ ജില്ലാ കൺവീനർമാരുടെ സമ്മേളനം

തിരുവല്ല: യുണൈറ്റഡ് പെന്തകോസ്തൽ സിനഡ് പത്തനംതിട്ട ജില്ലാ കൺ വീനർമാരുടെ സമ്മേളനം ബുധനാഴ്ച ഉച്ചക്ക് 2.30 ന് തിരുവല്ല മഴുവങ്ങാട് ചിറയി ലെ എസ് ബി ഐ ബാങ്കി ന്സമിപമുള്ള ജീസസ് വോയിസ് ചർച്ചിൽ നടക്കും. ബ്ര.ഗ്ലാഡ്സൺ ജേക്കബും ബ്ര. ബാബു പറയത്തുകാട്ടി ലും നേതൃത്വം കൊടുക്കും

# ദൈവത്തെ ആവശ്യമില്ല

ഒരിക്കൽ ഒരു സന്യാസിയുടെ ശിഷ്യൻ രാവിലെ മുതൽ സന്ധ്യ വരെ ഭിക്ഷ യാചിച്ചിട്ടും അന്നു അയാൾക്ക് ഒന്നും കിട്ടിയില്ല. അയാൾ മടങ്ങി ഗുരു സന്നിധിയിൽ എത്തി. അയാൾ വളരെ ദേഷ്യത്തോടെ സന്യാസിയോട് പറഞ്ഞു: 'ഇന്ന് എനിക്ക് ഒന്നും ലഭിച്ചില്ല. ഒന്നും തരുവാൻ കഴിയാത്ത ഈ ദൈവത്തെ എനിക്ക് ആവശ്യമില്ല'.

സന്യാസി അവനോട് പറഞ്ഞു: ഞാൻ നിനക്ക് 1000 സ്വർണ നാണയം തരാം. നിന്റെ കണ്ണ് എടുത്ത് എനിക്ക് തരാമോ?'

ശിഷ്യൻ ചോദിച്ചു: കണ്ണു തരാനോ, പിന്നെ ഞാൻ എങ്ങനെ കാണും?'

ഗുരു: എന്നാൽ ഞാൻ ഒരു ലക്ഷം സ്വർണനാണയം തരാം.

ശിഷ്യൻ: 'എത്ര തന്നാലും കണ്ണു തരാൻ കഴിയില്ല.

അപ്പോൾ സന്യാസി പറഞ്ഞു എന്നാൽ നിന്റെ കൈ വെട്ടി തരൂ.' ശിഷ്യന് അതും പ്രയാസം.

എന്നാൽ കാൽ തന്നാൽ മതി. 'അതും കഴിയില്ല' എന്ന് ശിഷ്യൻ പറഞ്ഞു.

ഗുരു ചോദിച്ചു: 'എന്തുകൊണ്ടാണ് ഇവയൊന്നും തരുവാൻ കഴിയാത്തത്?'

അവൻ പറഞ്ഞു: 'എന്റെ ശരീരം എനിക്ക് വിലപ്പെട്ടതാണ്'.

അപ്പോൾ ഗുരു ചോദിച്ചു: 'ഈ വിലപ്പെട്ട ശരീരം നിനക്ക് എങ്ങനെ ലഭിച്ചു?' ശിഷ്യൻ പറഞ്ഞു: 'അത് ദൈവത്തിന്റെ ദാനമാണ്'.

ഗുരു വീണ്ടും ചോദിച്ചു: 'എന്നിട്ടാണോ നിനക്ക് ഈ ദൈവത്തെ ആവശ്യമില്ല എന്ന് പറഞ്ഞത്'. അപ്പോഴാണ് ശിഷ്യന് തന്റെ തെറ്റ് മനസ്സിലായത്. ജീവിതത്തിൽ എന്തെല്ലാം അനുഗ്രഹങ്ങളാണ് ദൈവത്തിൽ നിന്ന് നാം പ്രാപിച്ചിട്ടുള്ളതും പ്രാപിച്ചുകൊണ്ടിരിക്കുന്നതും! ആരുടെയും സാമർത്ഥ്യത്തിനും കഴിവുകൾക്കും അവരവരുടെ എല്ലാ ആവശ്യങ്ങളെയും നിറവേറ്റുവാൻ പ്രാപ്തിയില്ല. മറ്റുള്ളവർ നൽകുന്ന ദാനം പോലും ദൈവ പ്രേരണയാലാണ് സംഭവിക്കുന്നത് എന്നത് നാം അറിയാതിരിക്കരുത്.

# തിമിർത്ത് പെയ്ത് മഴ; യു.എ.ഇ.യിൽ വെള്ളക്കെട്ട് രൂക്ഷം



ദുബായ്: ദുബായ് ഇൻവെസ്റ്റ്മെന്റ് പാർക്ക്, ജബൽ അലി ഗ്രീൻസ്, അൽഫുർജാൻ, ദുബായ് സ്പോർട്സ് സിറ്റി, ഇന്റർനാഷനൽ സിറ്റി, ജുമൈറ, അൽഖുദ്റ, ബർദുബായ്, കരാമ, ജദ്ദാഫ്, അൽ ഖൈൽ റോഡ് എന്നീ പ്രദേശങ്ങളിലാണ് കനത്ത മഴ. വിമാന, ബസ്, ജലഗതാഗത സർവീസുകളെ മഴ തകിടം മറിച്ചു. വാഹനാപകടങ്ങൾ ഉണ്ടായെങ്കിലും ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല.

ഷാർജയിലെ വാദി ഷീസ്, മലീഹ, അൽമജാസ്, അൽനഹ്ദ എന്നിവിടങ്ങളും കനത്ത മഴ പെയ്തു. അബുദാബി നഗരത്തിനു പുറമെ മുസഫ, മുഹമ്മദ് ബിൻ സായിദ് സിറ്റി, ഖലീഫ സിറ്റി, മുഷ്റിഫ്, ബനിയാസ്, ഗയാത്തി, അൽ ദഫ്ര, അൽഐൻ എന്നിവിടങ്ങളിലും മഴ പെയ്തു.

കനത്ത മഴ പെയ്ത് ദൂരക്കാഴ്ച കുറഞ്ഞതോടെ ദുബായിൽ രാവിലെ ഇറങ്ങേണ്ട ഏതാനും വിമാനങ്ങൾ അബുദാബി, മസ്കത്ത്, ഖത്തർ വിമാനത്താവളത്തിലേക്കു തിരിച്ചുവിട്ടു. ഈ സമയത്ത് പുറപ്പെടേണ്ട വിമാനങ്ങൾ മണിക്കൂറുകളോളം വൈകി. അബുദാബിയിൽനിന്ന് പുലർച്ചെ പുറപ്പെടേണ്ടിയിരുന്ന വിമാന സർവീസുകളെയും മഴ തടസ്സപ്പെടുത്തി.

സുരക്ഷ കണക്കിലെടുത്ത് ദുബായിൽ ജല ഗതാഗതം താൽക്കാലികമായി നിർത്തിവച്ചതായി ദുബായ് റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി അറിയിച്ചു. അബുദാബി, ദുബായ്, ഷാർജ തുടങ്ങിയ എമിറേറ്റുകളിൽ പാർക്കുകളും ഗ്ലോബൽ വില്ലേജ് ഉൾപ്പെടെ ഔട്ഡോർ വിനോദ കേന്ദ്രങ്ങളും അടച്ചിരുന്നു

റോഡിലെ വെള്ളക്കെട്ടിൽ കുടുങ്ങിയ ഒട്ടേറെ വാഹനങ്ങൾ പ്രവർത്തനരഹിതമായി. മണിക്കൂറുകൾ കാത്തിരുന്ന് റിക്കവറി വാഹനമെത്തിയാണ് ഇവ റോഡിൽനിന്ന് നീക്കിയത്. റോഡിൽ കുടുങ്ങിയ വാഹനങ്ങൾ മുതിർന്നവരും കുട്ടികളും ചേർന്ന് തള്ളി നീക്കുന്നതും കാണാമായിരുന്നു.

അടിയന്തര സാഹചര്യങ്ങളെ നേരിടാൻ ദുരന്ത നിവാരണ സമിതി സജ്ജമായിരുന്നു. ഓരോ പ്രദേശങ്ങളിലും പൊലീസിനെയും ആംബുലൻസിനെയും വിന്യസിച്ചിരുന്നു. മലവെള്ളം കുത്തിയൊലിച്ച് റോഡിലൂടെ ഒഴുകുന്ന പ്രദേശങ്ങളിൽ റോഡിന് ഇരുവശത്തും ഗതാഗതം തടഞ്ഞാണ് സുരക്ഷ ഉറപ്പാക്കിയത്. റോഡിൽ കുടുങ്ങിയവരെ ലക്ഷ്യത്തിൽ എത്തിക്കാൻ ദുരന്ത നിവാരണ സേനയും പൊലീസും അഗ്നിശമന സേനയും സഹായിച്ചു. അനാവശ്യമായി റോഡിൽ ചുറ്റിക്കറങ്ങിയവരെ പൊലീസ് വീടുകളിലേക്ക് അയച്ചു.

അതേസമയം നനഞ്ഞും വെള്ളത്തിൽ കളിച്ചും അപൂർവമായി കിട്ടുന്ന മഴ നിമിഷം ജനങ്ങൾ ആഘോഷിച്ചു. മുതിർന്നവർ കരയ്ക്ക് മാറിനിന്ന് ആസ്വദിച്ചപ്പോൾ കുട്ടികൾ മഴയത്തിറങ്ങി. വെള്ളത്തിൽ ഓടിച്ചാടി കളിച്ചും സൈക്കിൾ ഓടിച്ചും ബക്കറ്റിൽ വെള്ളം പിടിച്ച് തലയിലൂടെ ഒഴിച്ചുമാണ് കുട്ടികൾ മഴ ആഘോഷമാക്കിയത്.

11 MARCH 2024
VOL 03 | ISSUE 070 | 769

# വധുവിന് ക്രിസ്ത്യൻ പേര്; താലികെട്ട് ക്ഷേത്രത്തിന് മുന്നിലെ റോഡിൽ

ചെന്നൈ: വധുവിന്റെ പേരിനെ ചൊല്ലി ക്ഷേത്രം അധികൃതരും പൂജാരിമാരും വിവാഹം നടത്താൻ വിസമ്മതിച്ചു. ഏറെ നേരത്തെ വാഗ്വാദത്തിനൊടുവിൽ ക്ഷേത്രത്തിന് മുന്നിലെ റോഡിൽവെച്ച് താലികെട്ടി.

ഹിന്ദുവായ വധുവിന് ക്രിസ്ത്യൻ പേരാണെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് വിവാഹംനടത്താൻ തൂത്തുക്കുടി വിലാത്തിക്കുളം ശങ്കരരാമേശ്വരർ ക്ഷേത്രം അധികൃതരും പൂജാരിമാരും വിസമ്മതിച്ചത്. തൂത്തുക്കുടി ജില്ലയിലെ പണയൂർ സ്വദേശി കെ. കണ്ണനും തരുവൈക്കുളം സ്വദേശി എം. ആന്റണി ദിവ്യയ്ക്കുമാണ് വിവാഹനാളിൽ പുരോഹിതന്മാരിൽനിന്ന് ദുരനുഭവം നേരിടേണ്ടിവന്നത്.

മുരുകൻ രേവതി ദമ്പതികളുടെ മകളാണ് ആന്റണി ദിവ്യ. ദിവ്യ ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളിലാണ് പഠിച്ചതെന്നും അതുമാത്രമാണ് അവളുടെ ഏക ക്രിസ്ത്യൻ ബന്ധമെന്നും ബന്ധുവായ രാജേന്ദ്രൻ പറഞ്ഞു. രേഖകളിലൊക്കെ അവൾ ഹിന്ദുവാണെന്നും വിവാഹം നിഷേധിച്ചതിനെതിരെ തങ്ങൾ കോടതിയെ സമീപിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എന്നാൽ, സ്കൂളിൽനിന്ന് നൽകിയ ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ ആന്റണി ദിവ്യ ക്രിസ്ത്യാനിയാണെന്നാണ് രേഖപ്പെടുത്തിയതെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫിസർ തമിഴ്സെൽവി പറഞ്ഞു. എന്നാൽ, ഈ ആരോപണം തെറ്റാണെന്ന് ബന്ധുക്കൾ പറഞ്ഞു.

ക്രിസ്ത്യാനിയാണെന്ന് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയതിനാൽ ക്ഷേത്രത്തിനകത്തുവെച്ച് വിവാഹം നടത്തരുതെന്ന് നേരത്തെ നിർദേശം നൽകിയിരുന്നുവെന്നും ഇതുവകവെക്കാതെ പൂജാരിമാരോട് വിവാഹച്ചടങ്ങുകൾ നടത്തിക്കൊടുക്കാൻ ആവശ്യപ്പെടുകയായിരുന്നുവെന്നും ക്ഷേത്രം ഭാരവാഹികൾ പറഞ്ഞു.






തയ്യാറാക്കിയത്:
**സിസ്റ്റർ രേഖ സജിമോൻ**

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: യെശയ്യാവ് 19 - 21**

1) മിസ്രയേമിലേക്ക് വരുന്നതെന്ത്?
2) അവന്റെ സന്നിധിയിൽ നടുങ്ങുന്നതാര്?
3) സമുദ്രതീരത്തെ പ്രവചനം എന്ത്?
4) ദർശനം വെളിപ്പെട്ടതെങ്ങനെ?
5) സേയിരിൽ നിന്നുള്ള ശബ്ദം എന്ത്?

## ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1) കവർച്ചക്കാരന്റെ (യെശ.16:4)
2) ചവിട്ടി കളയുന്നവർ (യെശ. 16:5)
3) ദേമ്മേശേക്ക് (യെശ.17:1)
4) ദേമ്മേശേക്ക് (യെശ.17:3)
5) നിർദ്ദനദേശം (യെശ.17:9)






CHRISTIAN LIVE DAILY
11 MARCH 2024
VOL 03
ISSUE 070 | 769
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

